"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം - ജല അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ - അധിക ഫണ്ട് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണം (ഐ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.3004/2025/LSGD തീയതി,തിരുവനന്തപുരം, 19-12-2025

പരാമർശം:- 1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറിയുടെ 20.08.2025-ലെ എ1/3073/2025/ഒ.ബി.ഡി.എൻ.നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെ ജീവനക്കാർക്ക് കുടിക്കാൻ യോഗ്യമായ ശുദ്ധജലസ്രോതസ്സുകൾ ഒന്നും തന്നെ ഇല്ലെന്നും, ആയതിനാൽ ഓംബുഡ്സ്മാൻ കാര്യാലയത്തിലേക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ ഇ-ടാപ്പ് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും കേരള വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി 2,07,300/-രൂപയുടെ വർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും, ടി കാര്യാലയത്തിന് കുടിവെള്ള കണക്ഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിന്, ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽ ആവശ്യമായ തുക ഇല്ലാത്തതിനാൽ, കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി എസ്റ്റിമേറ്റിൽ നിർദേശിക്കും പ്രകാരമുള്ള 2,07,300/-രൂപ ടി കാര്യാലയത്തിന്റെ നടപ്പ് സാമ്പത്തികവർഷത്തെ 2515-00-101-64-34-3 എന്ന ശീർഷകത്തിൽ അധികഫണ്ടായി അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് പരാമർശിതകത്ത് മുഖേന ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറി ലഭ്യമാക്കിയ 2,07,300/- (രണ്ട് ലക്ഷത്തി ഏഴായിരത്തി മുന്നൂറ് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന്, ടി ചെലവ് നടപ്പ് സാമ്പത്തികവർഷത്തെ 2515-00-101-64-34-3 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനവകുപ്പ് (04.11.2025-ലെ WCD-3/251/2025-Fin പ്രകാരം)

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/124/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 19-12-2025 17:15:35
സെക്ഷൻ ഓഫീസർ